വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ):

(എ) ഈ കേന്ദ്ര പദ്ധതിയുടെ നടത്തിപ്പിനായി 13-5-2003 മുതൽ 11-6-2003 വരെയുള്ള തീയതികളിൽ സംസ്ഥാനത്തുടനീളം ബോധവൽക്കരണ ചർച്ചകൾ സംഘടിപ്പിക്കുകയും അതുപ്രകാരം എം.പി.-മാർ, എം.എൽ.എ.-മാർ, മുനിസിപ്പൽ സെക്രട്ടറിമാർ മുതലായവരുടെ ശുപാർശയോടെ ലഭിച്ച അപേക്ഷകളിൽ തൃപ്തികരമായ 93 അപേക്ഷകൾ (മൊത്തം 1,56,25,437 രൂപ എസ്റ്റിമേറ്റുള്ള) നടപ്പു സാമ്പത്തിക വർഷത്തിൽ നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് കായിക യുവജനകാര്യ ഡയറക്ടർ 2003 നവംബർ മാസം കേന്ദ്ര മന്ത്രാലയത്തിലെ ഉയർന്ന ഉദ്യോഗസ്ഥരെ ന്യൂഡൽഹിയിൽ നേരിട്ട് കണ്ട് ചർച്ച നടത്തുകയും ചെയ്തു. ശേഷം ലഭിച്ച അപേക്ഷകൾ അടുത്ത സാമ്പത്തിക വർഷം കേന്ദ്ര സർക്കാരിലേക്ക് അയയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സ്കൂളുകൾ അപേക്ഷ സമർപ്പിക്കുമ്പോൾ സ്വീകരിക്കേണ്ട മാനദണ്ഡം അനുബന്ധമായി ചേർത്തിരിക്കുന്നു.† സ്കൂളുകളെ തെരഞ്ഞെടുക്കുന്നതും ഈ മാനദണ്ഡമനുസരിച്ചാണ്.

(സി) തുകയൊന്നും ഇതുവരെ അനുവദിച്ചിട്ടില്ല. 1,56,25,437 രൂപയുടെ ധനസഹായത്തിനുള്ള അപേക്ഷകളാണ് അയച്ചിട്ടുള്ളത്. അത്രയും തുക കേന്ദ്ര സർക്കാർ അനുവദിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) 93 സ്കൂളുകളുടെ അപേക്ഷകളാണ് കേന്ദ്ര സർക്കാരിലേക്ക് അയച്ചിട്ടുള്ളത്.

കലയുടെയും സംസ്കാരത്തിന്റെയും വികസനം ലക്ഷ്യമാക്കി അനുവദിച്ചു വരുന്ന ധനവിഹിതം

*27 [237] ശ്രീ. കളത്തിൽ അബ്ദുള്ള:
,, സി. ടി. അഹമ്മദ് അലി:
,, യു. സി. രാമൻ:
,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുതാൽപ്പര്യം കണക്കിലെടുത്ത് കലയുടെയും സംസ്കാരത്തിന്റെയും വികസനം ലക്ഷ്യമാക്കി വിവിധ സാംസ്കാരിക സ്ഥാപനങ്ങൾക്കും സ്മാരക കമ്മിറ്റികൾക്കും ഇപ്പോൾ അനുവദിച്ചുവരുന്ന ധനവിഹിതം എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ വിതരണത്തിൽ സന്തുലിതാവസ്ഥ കാത്തുസൂക്ഷിക്കുവാനും വർദ്ധനവ് വരുത്തുവാനും നടപടി സ്വീകരിക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) വിവിധ സാംസ്കാരിക സ്ഥാപനങ്ങൾക്കും സ്മാരക കമ്മിറ്റികൾക്കും മറ്റുമായി നടപ്പു സാമ്പത്തിക വർഷം 4,16,83,500 രൂപ ഗ്രാന്റിനത്തിൽ ചെലവഴിക്കുന്നുണ്ട്. കൂടാതെ, ചില സ്ഥാപനങ്ങൾക്ക് ആവർത്തന/അനാവർത്തന ഗ്രാന്റിനത്തിൽ 50 ലക്ഷം രൂപയും നടപ്പു സാമ്പത്തിക വർഷത്തിൽ ലഭ്യമാകും.

† അനുബന്ധം II.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും ഉദ്ദേശ ലക്ഷ്യങ്ങളും വ്യത്യസ്തമാകയാൽ ഫണ്ടിന്റെ ആവശ്യകതയും വ്യത്യസ്തമായിരിക്കും. അതിനാൽ വിതരണത്തിൽ സന്തുലിതാവസ്ഥ കാത്തുസൂക്ഷിക്കുന്നത് അപ്രായോഗികമാണ്. ടി സ്ഥാപനങ്ങൾക്ക് കാലാനുസൃതമായ വിഹിത വർദ്ധനവ് വരുത്താറുണ്ട്.

കയർ മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന് മറുപടി

*28 [238] ശ്രീ. സാജു പോൾ:
,, ടി. കെ. ദേവകുമാർ:
ഡോ. തോമസ് ഐസക്:
ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കയർ മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഉൽപ്പന്ന നിർമ്മാണത്തിന് ആവശ്യമായ തൊണ്ട് നിയന്ത്രിത വിലയ്ക്ക് സംഭരിച്ച് ചകിരിയാക്കി വിതരണം ചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിനകത്തുനിന്നുതന്നെ കയർ മേഖലയ്ക്ക് ആവശ്യമായ തൊണ്ട് ലഭ്യമാണോ;

(ഡി) ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ എന്തുമാത്രം തൊണ്ടാണ് കയർമേഖലയ്ക്ക് ആവശ്യമായിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(എഫ്) പ്രതിവർഷം നാളികേര ഉല്പാദനം എത്രയാണ്;

(ജി) കയർ ഫാക്ടറി തൊഴിലാളികളുടെ കൂലിയും അവകാശങ്ങളും ഉറപ്പു വരുത്താൻ സംഘടിപ്പിച്ചിട്ടുള്ള മാറ്റ്സ് ആന്റ് മാറ്റിംഗ് സൊസൈറ്റികളുടെ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) ഇതു സംബന്ധിച്ച താമരാക്ഷൻ കമ്മിറ്റിയുടെ റിപ്പോർട്ടനുസരിച്ച് ഫാക്ടറി സൊസൈറ്റികളുടെ നഷ്ടം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) സംസ്ഥാനത്തെ കയർ മേഖല ഇന്ന് നേരിടുന്ന പ്രധാന പ്രശ്നം ചകിരിയുടെ ദൗർലഭ്യമാണ്. ഇതു പരിഹരിക്കുന്നതിനായി അടിയന്തിരമായി കർണ്ണാടകത്തിൽനിന്നും ചകിരിയും തൊണ്ടും കൊണ്ടുവരുന്നതിന് നടപടികൾ എടുത്തുവരുന്നു. ശ്രീലങ്കയിൽനിന്നും ചകിരി ഇറക്കുമതി ചെയ്യുന്നതിനനുമതിക്കും അതിനുള്ള ഇറക്കുമതി ചുങ്കം ഒഴിവാക്കാനുമായി കേന്ദ്ര വാണിജ്യമന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഫോം മാറ്റിംഗ്സ്, കയർ കോർപ്പറേഷൻ, കയർഫെഡ് എന്നിവയ്ക്ക് കയറ്റുമതിക്കെതിരായുള്ള ഇറക്കുമതിക്കുവേണ്ടി ശ്രമിക്കുന്നുണ്ട്. കെട്ടിക്കിടക്കുന്ന കയറും കയറുല്പന്നങ്ങളും

LIBRARY ARCHIVES Kerala Legislative Assembly